# കാർബൺ തുലിത മീനങ്ങാടി

## ഹരിത പെരുമാറ്റച്ചട്ടം

കാർബൺതുലിത മീനങ്ങാടി എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ഉത്തരവാദിത്തമുള്ള വിഭവവിനിയോഗരീതികൾ ശീലിക്കേണ്ടതുണ്ട്. ധാർമികത, കാര്യക്ഷമത, സാമ്പത്തിക ലാഭം (Ethics, Efficiency and Economics) എന്നീ അടിസ്ഥാന തത്വങ്ങളെ ആസ്പദമാക്കിയുള്ള വിഭവവിനിയോഗമാണ് നമുക്ക് ഇന്നാവശ്യം. ലോകമെമ്പാടും ഈ രംഗത്ത് പലേ ചുവടുവെയ്പ്പുകളുമുണ്ടാകുന്നുണ്ട്. സംസ്ഥാന സർക്കാർ പടിപടിയായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിൽ വരുത്താനാരംഭിച്ചിട്ടുണ്ട്. ***ഹരിതകേരളം മിഷനും കേരള ശുചിത്വ മിഷനും*** ഹരിത പെരുമാറ്റച്ചട്ടം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഓരോ ദിവസവും നാമുണ്ടാക്കുന്ന മാലിന്യങ്ങൾ നമുക്കുണ്ടാക്കുന്ന സാമ്പത്തിക - പാരിസ്ഥിതിക - ആരോഗ്യ നഷ്ടം വളരെ വലുതാണ്. കൂടാതെ ഉണ്ടാകുന്ന മാലിന്യങ്ങളൊക്കെയും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾ ഇന്നു ലഭ്യമല്ല. മൾട്ടി ലെയർ പ്ലാസ്റ്റിക്കുകളും സ്റ്റൈറോഫോം പ്ലാസ്റ്റിക്കുകളുമൊക്കെ അക്കൂട്ടത്തിൽ പെടുന്നു. മാലിന്യങ്ങളുടെ അളവും സ്വഭാവവും മാറ്റി അവയെ അപകടരഹിതമാക്കുന്നതിന് ബോധപൂർവമായ ഇടപെടൽ ആവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നുമാണ് മീനങ്ങാടി പഞ്ചായത്ത് ഹരിതപെരുമാറ്റച്ചട്ടം അവതരിപ്പിക്കുന്നത്.

വ്യക്തിപരവും സാമുഹ്യപരവും സ്ഥാപനപരവുമായുള്ള നമ്മുടെ നിത്യജീവിതത്തിലെ വിഭവ വിനിയോഗ ശീലങ്ങളിൽ കൊണ്ടു വരേണ്ട അച്ചടക്കമാണ് ഹരിതപെരുമാറ്റച്ചട്ടം. വിഭവവിനിയോഗത്തിന്റെ ഓരോ ഘട്ടത്തിലും സഹജീവികളോടുള്ള കരുതലോടെയും പാഴ്ചിലവൊഴിവാക്കുന്നതിനുള്ള കാര്യക്ഷമതയോടെയും സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ശ്രദ്ധയോടെയും ഇടപെടുന്നതിന് ഹരിത പെരുമാറ്റച്ചട്ടം സഹായിക്കുന്നു. സുസ്ഥിരവും ആരോഗ്യകരവുമായ സമ്പദ് വ്യവസ്ഥയും പരിസ്ഥിതിയും ഉറപ്പാക്കുന്നതിന് ഹരിതപെരുമാറ്റച്ചട്ടം അത്യാവശ്യമാണ്.

### എന്തൊക്കെയാണ് ഹരിതപെരുമാറ്റച്ചട്ടങ്ങൾ?

അടിസ്ഥാനപരമായി പ്രകൃതിസൗഹാർദ്ദപരവും മനുഷ്യ സൗഹാർദ്ദപരവും ആരോഗ്യകരവുമായ പ്രവർത്തന മാർഗരേഖകളുടെ ഒരു സഞ്ചയമാണ് ഹരിതപെരുമാറ്റച്ചട്ടം. എല്ലായ്പ്പോഴും പുതുക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒന്നാണ് ഹരിത പെരുമാറ്റച്ചട്ടം. ഈ ചട്ടങ്ങളെ പൊതുവിൽ രണ്ടു വിഭാഗമായി തിരിക്കാം.

### I. അനുപേക്ഷണീയം

എല്ലാവരും നിർബന്ധമായും പാലിക്കേണ്ട ഏറ്റവും കുറഞ്ഞ ചട്ടങ്ങളാണിവ.

***1. വീടുകളിൽ***

1. ഡിസ്പോസിബിൾ ഉൽപന്നങ്ങൾ ഉപേക്ഷിക്കുക (പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, പ്ലാസ്ററിക് സ്പൂണുകൾ, പേപ്പർ കപ്പുകൾ, ലാമിനേറ്റഡ് പേപ്പർ വാഴയിലകൾ, പ്ലാസ്റ്റിക് സ്ട്രോകൾ, സ്റ്റൈറോഫോം കപ്പുകൾ, പ്ലേറ്റുകൾ, കണ്ടെയ്നറുകൾ തുടങ്ങിയവ).
2. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപേക്ഷിക്കുക.
3. പ്ലാസ്റ്റിക് ഷീറ്റുകളിൽ ഭക്ഷണം പൊതിഞ്ഞു കൊണ്ടു പോകുന്നത് ഒഴിവാക്കുക.
4. കുട്ടികൾക്കുള്ള പ്ലാസ്റ്റിക് പാൽക്കുപ്പികൾ, പ്ലാസ്റ്റിക് ടിഫിൻ ബോക്സുകൾ, പ്ലാസ്റ്റിക് കുടിവെള്ളക്കുപ്പികൾ എന്നിവ ഉപേക്ഷിക്കുക.
5. കളനാശിനി ഉപയോഗം അവസാനിപ്പിക്കുക.
6. മാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ വേർതിരിച്ചു വൃത്തിയായി സൂക്ഷിക്കുക.
7. ജൈവമാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക.
8. അജൈവമാലിന്യങ്ങൾ കത്തിക്കുന്നത് പൂർണമായും ഒഴിവാക്കുക.

9. മലിനജലം സംസ്കരിക്കുന്നതിനായി സോക്ക് പിറ്റ് നിർമിക്കുക.

2. ***സ്ഥാപനങ്ങളിൽ***

1. പി.വി.സി ഫ്ളെക്സ് ബാനറുകൾ / അലങ്കാരങ്ങൾ എന്നിവ ഉപേക്ഷിക്കുക
2. ഡിസ്പോസിബിൾ ഉൽപന്നങ്ങൾ ഉപേക്ഷിക്കുക (പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, പ്ലാസ്ററിക് സ്പൂണുകൾ, പേപ്പർ കപ്പുകൾ, ലാമിനേറ്റഡ് പേപ്പർ വാഴയിലകൾ, പ്ലാസ്റ്റിക് സ്ട്രോകൾ, സ്റ്റൈറോഫോം കപ്പുകൾ, പ്ലേറ്റുകൾ, കണ്ടെയ്നറുകൾ തുടങ്ങിയവ)
3. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപേക്ഷിക്കുക
4. കളനാശിനി ഉപയോഗം അവസാനിപ്പിക്കുക
5. മാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ വേർതിരിച്ചു വൃത്തിയായി സൂക്ഷിക്കുക
6. ജൈവമാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക
7. അജൈവമാലിന്യങ്ങൾ കത്തിക്കുന്നത് പൂർണമായും ഒഴിവാക്കുക.
8. മാലിന്യങ്ങൾ തരംതിരിച്ച് പഞ്ചായത്ത് മാലിന്യ സംസ്കരണ സംവിധാനത്തിലേക്ക് ലഭ്യ മാക്കുക
9. മലിനജലം സംസ്കരിച്ചശേഷം മാത്രം പുറത്തേക്കൊഴുക്കുക. ഇതിനായി സോക്ക് പിറ്റ് നിർ മിക്കുക
10. സ്ഥാപനങ്ങളിലെ ഉപഭോക്താക്കൾക്കും സന്ദർശകർക്കും കൂടി കാണത്തക്ക വിധത്തിലും ഉപ യുക്തമാകുന്ന വിധത്തിലും മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുക.
11. സ്ഥാപനങ്ങളിലെ ഉപഭോക്താക്കൾക്കും സന്ദർശകർക്കും കൂടി ഉപയുക്തമാകുന്ന വിധം കുടി വെള്ള ഡിസ്പെൻസറുകൾ സ്ഥാപിക്കുക

3. ***പൊതു പരിപാടികളിൽ / ആരാധനാലയങ്ങളിൽ***

1. പി.വി.സി ഫ്ളെക്സ് ബാനറുകൾ / അലങ്കാരങ്ങൾ എന്നിവ ഉപേക്ഷിക്കുക
2. ഡിസ്പോസിബിൾ ഉൽപന്നങ്ങൾ ഉപേക്ഷിക്കുക (പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, പ്ലാസ്ററിക് സ്പൂണുകൾ, പേപ്പർ കപ്പുകൾ, ലാമിനേറ്റഡ് പേപ്പർ വാഴയിലകൾ, പ്ലാസ്റ്റിക് സ്ട്രോകൾ, സ്റ്റൈറോഫോം കപ്പുകൾ, പ്ലേറ്റുകൾ, കണ്ടെയ്നറുകൾ തുടങ്ങിയവ)
3. പ്ലാസ്റ്റിക് ബാഗുകൾ, ഫോൾഡറുകൾ, നോൺ വോവൻ പോളിപ്രൊപ്പിലീൻ ബാഗുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപേക്ഷിക്കുക
4. മാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ വേർതിരിച്ചു വൃത്തിയായി സൂക്ഷിക്കുക
5. ജൈവമാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക
6. അജൈവമാലിന്യങ്ങൾ കത്തിക്കുന്നത് പൂർണമായും ഒഴിവാക്കുക.
7. കുടിവെള്ളം ഡിസ്പെൻസറുകളിൽ ലഭ്യമാക്കുക
8. പരിപാടികളിലോ ചടങ്ങുകളിലോ പങ്കെടുക്കുന്നവർക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുക.
9. മലിനജലം സംസ്കരിക്കുന്നതിന് സോക്ക് പിറ്റ് ഉപയോഗിക്കുക
10. അതിഥികളെ സ്വീകരിക്കുന്നതിനും ആദരിക്കുന്നതിനും പ്ലാസ്റ്റിക് ഉൽപന്നങ്ങളോ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ പൂക്കളോ നൽകുന്നതിനു പകരം, കൈത്തറി ഉൽപന്നങ്ങൾ, പുസ്തകങ്ങൾ, വി ത്തുകൾ, മരത്തൈകൾ എന്നിവ ഉപയോഗിക്കുക

## II അഭിലഷണീയം

താത്പര്യമുള്ളവർക്ക് പാലിക്കാവുന്ന ഉന്നത നിലയിലുള്ള ചട്ടങ്ങളാണിവ.

### *1. വീടുകളിൽ*

1. പ്ലാസ്ററിക് ഉൽപന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുകയോ ബദൽ ഉൽപന്നങ്ങളോ സേവനങ്ങളേയോ പ്രയോജനപ്പെടുത്തുക
2. രാസ കീടനാശിനികൾ, ഡിറ്റർജന്റുകൾ എന്നിവയുടെ ഉപയോഗം ഒഴിവാക്കുക
3. ജൈവ പച്ചക്കറിത്തോട്ടം ഉണ്ടാക്കുക
4. വൈദ്യുതിയുടെ ഉപയോഗം കാര്യക്ഷമമാക്കുക
5. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പ്രയോജനപ്പെടുത്തുക
6. യാത്രകൾക്ക് പൊതു ഗതാഗത സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുക
7. മഴവെള്ളക്കൊയ്ത്തിനും ഭൂഗർഭ ജല റീച്ചാർജിനുമുള്ള സൗകര്യം ഏർപ്പെടുത്തുക
8. കേടായ ഉപകരണങ്ങളും മറ്റും റിപ്പയർ ചെയ്ത് ഉപയോഗിക്കുക

### *2. സ്ഥാപനങ്ങളിൽ*

1. ഓഫീസുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉപഭോക്താക്കൾക്കായി ശുചിമുറി സൗകര്യം ലഭ്യമാക്കുക. അത് ദിവസവും കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും വൃത്തിയാക്കി സൂക്ഷിക്കുക.
2. ഓഫീസുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉപഭോക്താക്കൾക്കായി കുടിവെള്ളം ലഭ്യമാക്കുക.
3. ഓഫീസുകളിലും വ്യാപാര സ്ഥാപനങ്ങളിലും അജൈവ മാലിന്യങ്ങളെ തരം തിരിച്ച് ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും (Resource Recovery Facility)സൗകര്യമുണ്ടാക്കുക
4. പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുകയോ ബദൽ ഉൽപന്നങ്ങളോ സേവനങ്ങളെയോ പ്രയോജനപ്പെടുത്തുക
5. സന്ദർശകർക്കും ഉപഭോക്താക്കൾക്കും ശുചിമുറി സൗകര്യം ലഭ്യമാക്കുക

### *3. പൊതുപരിപാടികളിൽ / ആരാധനാലയങ്ങളിൽ*

1. പൊതുജനങ്ങൾക്കായി ശുചിമുറി സൗകര്യം ലഭ്യമാക്കുക
2. മീനങ്ങാടി ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് മൊബൈൽ കമ്പോസ്റ്റിംഗ് / റിസോഴ്സ് റിക്കവറി സംവിധാനം പൊതു പരിപാടികളിലെ മാലിന്യ സംസ്കരണത്തിന് പ്രയോജനപ്പെടുത്തുക.
3. പൊതു പരിപാടികളിലും ആരാധനാലയങ്ങളിലും വിളമ്പുന്ന ഭക്ഷണം ലളിതമാക്കുകയും മിതത്വം പാലിക്കുകയും ചെയ്ത് ഭക്ഷണം പാഴാകുന്നത് തടയാനുള്ള മുൻകരുതലുകൾ എടുക്കുക.